**പത്രപ്രവർത്തനത്തിൽ ആദർശ നിഷ്ഠയ്ക്ക് ഇന്ന് പ്രസക്തിയുണ്ടോ? പത്രങ്ങൾ വായിക്കുന്നവർ കിണറ്റിലെ തവളകളായി പരിണമിച്ചുകൊണ്ടിരിക്കുന്നതിനാൽ പത്രപ്രവർത്തനത്തിന്റെ ദൗത്യം പുനർനിർണ്ണയിക്കപ്പെടണം. മൂർച്ചയുള്ള എഡിറ്റോറിയലുകളിലൂടെ പത്രധർമ്മത്തിന് ജനപക്ഷമുഖം നൽകിയ പത്രാധിപർ**

**ടി. വി. അച്ചുതവാര്യർ** നിലപാട് വ്യക്തമാക്കുന്നു.

# പത്രപ്രവർത്തനരംഗത്തുണ്ടായ പരിവർത്തനങ്ങൾ

ഒരു പ്രജാമണ്ഡലം പ്രവർത്തകനായിട്ടാണ് ഞാൻ 1945ൽ പൊതുപ്രവർത്തനരംഗത്ത് പ്രത്യക്ഷപ്പെട്ടത്. എന്നാൽ കോളേജ് പഠനകാലത്ത് ഞാനൊരു സോഷ്യലിസ്റ്റ് അനുഭാവിയായി മാറിക്കഴിഞ്ഞിരുന്നു. ഇന്ത്യൻ എക്സപ്രസ്, ഹിന്ദു, ബ്ലിറ്റ്സ് എന്നിവ സ്ഥിരമായി വായിക്കുമെന്നതുമാത്രമായിരുന്നു എന്റെ പത്രപ്രവർത്തന പരിശീലനം. അക്കാലത്ത് വേറെ പരിശീലന സംവിധാനമൊന്നുമുണ്ടായിരുന്നില്ല. എക്സ്പ്രസിന്റെ അസിസ്റ്റന്റ് എഡിറ്ററായിരുന്നു എ.പി. നമ്പ്യാർക്ക് എന്റെ ഈ വായനാസ്വഭാവവും രാഷ്ട്രീയ പക്ഷപാതവും നന്നായിട്ടറിയാമായിരുന്നതിനാൽ ഞാൻ കോളേജിൽ നിന്ന് നേരിട്ട് എക്സ്പ്രസ്സിൽ ചെന്ന് ചേർന്നുവെന്നു പറയാം.


അക്കാലത്ത് ആവേശകരമായ അനുഭവങ്ങൾ ഒട്ടേറെയുണ്ട്. അതിലൊന്ന് എന്റെ പത്രപ്രവർത്തനകാലത്തെയാകെ സ്വാധീനിച്ചു. നീതിക്കുവേണ്ടി എന്തു ത്യാഗം സഹിക്കാനും പൊതുപ്രവർത്തകൻ സന്നദ്ധനാകണമെന്നതായിരുന്നു അത്. ഇന്നൊരാൾക്ക് പറഞ്ഞാൻ വിശ്വസിക്കാനാകാത്ത സംഭവമാണ് അത്.

ഇരിങ്ങാലക്കുടക്കടുത്ത ഒരു ഗ്രാമം, അവിടെ ഒരു ഗർഭസത്യാഗ്രഹം. ഒരു യുവതി അവിടത്തെ നാട്ടുപ്രമാണിയുടെ വീടിനു മുന്നിൽ സത്യഗ്രഹം ആരംഭിച്ചു. അവരുടെ ഗർഭത്തിനുത്തരവാദി ആ നാട്ടുപ്രമാണിയുടെ മകനാണെന്നായിരുന്നു വാദം. സ്വാഭാവികമായും പത്രങ്ങൾ ആ ഗർഭ സത്യാഗ്രഹത്തിന്റെ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. എന്നാൽ എക്സ്പ്രസ് അതു കൊടുത്തില്ല. എക്സ്പ്രസ്സിന്റെ ലേഖകൻ സ്ഥിരമായി വാർത്ത എഴുതി

അയക്കും. എക്സ്പ്രസ്സ് ഉടമയും പ ത്രാധിപരുമായ കെ. കൃഷ്ണൻ അ ത് സ്ഥിരമായി കൊട്ടയിലിടും. ഒരാഴ് ച കഴിഞ്ഞപ്പോൾ ലേഖകൻ നേരിട്ട് പത്രാധിപരെ വന്നുകണ്ട് പരാതിപറ ഞ്ഞു. പത്രാധിപർ വഴങ്ങിയില്ല. മുപ്പ തോളം കോപ്പികൾ വിറ്റഴിയുന്ന നാ ടാണതെന്നും, ഈ വാർത്ത കൊടു ക്കാതിരുന്നാൽ ജനങ്ങൾ എക്സ്പ്ര സ്സിനെ ബഹിഷ്ക്കരിക്കുമെന്നും ലേ ഖകൻ താക്കീത് നൽകി.

"എന്നാൽ അവരങ്ങട് ബഹിഷ്ക്ക രിക്കട്ടെ" എന്നതായിരുന്നു പത്രാധി പരുടെ മറുപടി. ഇരുട്ടിന്റെ മറയിൽ നടന്ന സംസർഗ്ഗത്തിന്റെ ഫലമാണ് ഗർഭം. ആരാണ് അതിന്നുത്തരവാദി യെന്നറിയാൻ നമുക്ക് മാർഗ്ഗമൊന്നു മില്ല. അറിയാത്ത കാര്യങ്ങൾ അച്ചടി ച്ച് പ്രചരിപ്പിക്കുന്നത് നീതിയല്ല. നെ റികേട് കാണിച്ച് പത്രം നടത്തേണ്ട കാര്യവുമില്ല. പത്രാധിപരുടെ ഈ മ റുപടിയോടെ ലേഖകൻ പിന്മാറി. പ ത്രത്തിന് വളരെ കുറച്ചുമാത്രം പ്രചാ രമുണ്ടായിരുന്ന ഒരു കാലത്തെ സ്ഥി തിയാണിതെന്നോർക്കണം. ഏഴായി രം കോപ്പിയോ മറ്റോ ആണ് അന്ന് അച്ചടിച്ചിരുന്നത്. അതിൽനിന്ന് മുപ്പ തോളം കോപ്പി കൊഴിഞ്ഞുപോകു മെന്നു പറഞ്ഞാൽ ഏതു പത്രാധിപ രും തകരേണ്ടതാണ്. പക്ഷെ കെ. കൃ ഷ്ണൻ തളർന്നില്ല. സത്യത്തിനും നീ തിക്കും ന്യായത്തിനും വിരുദ്ധമായ ഒരു പത്രപ്രവർത്തനം അദ്ദേഹത്തിനു സ്വീകാര്യമായിരുന്നില്ല.

ഇതുപോലെയുള്ള എത്രയോ പ്ര തിസന്ധികളിലൂടെ കാലിടറാതെ ക യറിപ്പോന്ന പത്രമാണ് എക്സ്പ്രസ്സ്. കെ. കൃഷ്ണൻ സോഷ്യലിസ്റ്റ് പക്ഷ പാതിയായിരുന്നു; പിന്നീട് വന്ന അസിസ്റ്റന്റ് എഡിറ്റർ എ. പി. നമ്പ്യാരും സോഷ്യലിസ്റ്റ് അനുഭാവി യായിരുന്നു. ഇവരുടെയെല്ലാം കീഴിൽ ഇവരുടെ കാലടികളെ പിൻതുടർന്നു കൊണ്ട് പണിയെടുക്കാൻ കഴിഞ്ഞു വെന്നതാണ് ഒരു പത്രപ്രവർത്തകനെ ന്നനിലക്ക് എനിക്കുണ്ടായ ഏറ്റവും വ ലിയ ഭാഗ്യം. 1953 മുതൽ 1993 വരെ യുള്ള കാലത്ത് ഒരിക്കൽ പോലും എ നിക്ക് മാനേജ്മെന്റിന്റെ ഇടപെടലി നെ നേരിടേണ്ടി വന്നിട്ടില്ല.



**എന്നെ സംബന്ധിച്ച് കുന്തിപ്പുഴയും സൈലന്റ് വാലിയുമെല്ലാം അതുവരെ ഒരു കൗതുകവസ്തുമാത്രമായിരുന്നു. ഇപ്പോൾ അമൃത ടെലിവിഷന്റെ തലപ്പത്തിരിക്കുന്ന നീലൻ അന്ന് എക്സ്പ്ര സ്സിലുണ്ടായിരുന്നു. ഒരു ദിവസം മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ ഒരു കോപ്പി അദ്ദേഹം എന്റെ കയ്യിൽ കൊണ്ടുവന്നുതന്നു. അതിൽനിന്നാണ് സൈലന്റ്‌വാലി ഒരു തമാശമാത്രമല്ലെന്ന് ഞാൻ മനസ്സിലാക്കിയത്. ഗുരുതരമായ ഒരു കാര്യം ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ നാനാവശങ്ങൾ സൂക്ഷ്മമായി പഠിക്കുന്നത് ഒരു പത്രക്കാരനെന്നനിലയിൽ എന്റെ സ്വഭാവമായിരുന്നു. അങ്ങനെ ഞാൻ സൈലന്റ്‌വാലി പഠനത്തിൽ ആമഗ്നനായി. സർക്കാരിന്റെ അവകാശവാദങ്ങളെല്ലാം വെറും മിഥ്യകളാണെന്ന് മനസ്സിലാക്കാൻ അധികം ബുദ്ധിമുട്ടേണ്ടി വന്നില്ല.**

മലയാള പത്രപ്രവർത്തനരംഗത്തെ പ്രകാശഗോപുരമാണ് സ്വദേശാഭിമാ നി രാമകൃഷ്ണപിള്ള. അദ്ദേഹത്തിന് സ്വദേശാഭിമാനിയെ സ്വദേശാഭിമാനി യായി കൊണ്ടുനടക്കാൻ കഴിഞ്ഞത് മാനേജ്മെന്റിൽ നിന്നും യാതൊരു വി ധ ഇടപെടലും ഉണ്ടാകാതിരുന്നതിനാ ലാണെന്ന് കേട്ടിട്ടുണ്ട്. അത്തരമൊരു സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിഞ്ഞ മലയാളത്തിലെ അപൂർവ്വം പത്രപ്രവർ ത്തകരിലൊരാളാണ് ഈ ലേഖകനും.

പത്രത്തിന്റെ പ്രചാരത്തിൽ നാലു കോപ്പി കുറവുവരുമെന്ന് സംശയം തോന്നിയാൽ, ആ വാർത്ത തന്നെ കൊടുക്കാത്ത പത്രങ്ങളാണിന്നധിക വും. ആനകളെ എഴുന്നള്ളിക്കുന്നതി നും വെടിക്കെട്ടു നടത്തുന്നതിനും നി യന്ത്രണമേർപ്പെടുത്തിയിട്ടുള്ള നിയമ ങ്ങൾ പലതുണ്ട്. പക്ഷെ അക്കാര്യം ഉന്നയിച്ചാൽ അത് പ്രസിദ്ധീകരി ക്കാൻ തൃശൂരിലെ അധികം പത്രങ്ങ ളൊന്നും തയ്യാറാവില്ല. കരണം, തൃ ശൂർക്കാർക്ക് ആനയും വെടിക്കെട്ടു മില്ലാത്ത ഒരാഘോഷത്തെക്കുറിച്ചു ചി ന്തിക്കാൻപോലുമാകില്ല. ആനയെഴു ന്നള്ളിപ്പിനും വെടിക്കെട്ടിനും എതി

രെ എന്തെങ്കിലും എഴുതിയാൽ, ജനങ്ങൾ ആ പത്രം തന്നെ ബഹിഷ്ക്കരിക്കും . അതുകൊണ്ട്, അതുകൊണ്ടുമാത്രം, വാർത്ത വെളിച്ചം കാണാതെപോകും. ഇങ്ങനെയുള്ള ഒരു നാട്ടിൽ, ധീരമായ അഭിപ്രായപ്രകടനം നടത്തിയിരുന്ന പത്രമായിരുന്നു എക്സ്പ്രസ്സ്.

സൈലന്റ്‌വാലി സമരം ഇന്നും മനസ്സിൽ പച്ച പിടിച്ചു നിൽക്കുന്നു. കുന്തിപ്പുഴയിൽ അണകെട്ടി വൈദ്യുതോല്പാദനം നടത്തണമെന്നകാര്യത്തിൽ, ഇവിടുത്തെ ഗവൺമെന്റ് മാത്രമല്ല സകല രാഷ്ട്രീയ കക്ഷികളും സകല ട്രേഡ് യൂണിയനുകളും, സകല മലയാള പത്രങ്ങളും സകല സർക്കാർ ശാസ്ത്രജ്ഞന്മാരും ഏകാഭിപ്രായക്കാരായിരുന്നു. ഇതിനെല്ലാമിടയിൽ 'അരുത്' എന്നു പറയാൻ, വാദിക്കാൻ, ശഠിക്കാൻ എക്സ്പ്രസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളു.

എന്റെ അറിവിൽ പെട്ടിടത്തോളം ഈ പ്രശ്നം ആദ്യമായി ഉന്നയിച്ചത് പ്രൊഫ. എം.കെ. പ്രസാദാണ്. അദ്ദേഹം ശാസ്ത്രസാഹിത്യപരിഷത്തിന്റെ മുൻമേധാവിയാണെങ്കിലും പ്രൊഫ. പ്രസാദിന് പിന്തുണ നൽകാൻ ശാസ്ത്രസാഹിത്യപരിഷത്ത് തയ്യാറായില്ല. എന്തെല്ലാമോ ഞഞ്ഞപിഞ്ഞ പറഞ്ഞ് അവർ ഒഴിഞ്ഞുമാറി. ഇതിനെത്തുടർന്ന് പ്രസാദ് മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായ എൻ.വി. കൃഷ്ണവാരിയരെ സമീപിച്ചു. അദ്ദേഹത്തിന് ശങ്കയൊന്നുമുണ്ടായില്ല. പ്രസാദിന്റെ വാദങ്ങൾ അദ്ദേഹം ഒരു സചിത്രലേഖനമായി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചു. എൻ.വി. അങ്ങനെയാണ്. ധീരമായ, സാഹസികമെന്നുതന്നെ പറയാവുന്ന, പല പരിഷ്ക്കാരങ്ങൾക്കും നേതൃത്വം നൽകിയത് അദ്ദേഹമാണ്. പിന്നീട് പ്രസിദ്ധരായിത്തീർന്ന പല സാഹിത്യകാരന്മാരുടേയും ഉൾക്കാമ്പ് കണ്ടറിഞ്ഞ്, അവരെ നേർവഴിക്കു തിരിച്ചുവിട്ടതും എൻ.വി.യാണ്.

എന്നെ സംബന്ധിച്ചിടത്തോളം കുന്തിപ്പുഴയും സൈലന്റ് വാലിയുമെല്ലാം അതുവരെ ഒരു കൗതുകവസ്തുമാത്രമായിരുന്നു. ഇപ്പോൾ അമൃത ടെലിവിഷന്റെ തലപ്പത്തിരിക്കുന്ന നീലൻ അന്ന് എക്സ്പ്രസ്സിലുണ്ടായിരുന്നു. ഒരു ദിവസം മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ ഒരു കോപ്പി അദ്ദേഹം എന്റെ കയ്യിൽ കൊണ്ടുവന്നുതന്നു. അതിൽനിന്നാണ് ഞാൻ ആദ്യമായി സൈലന്റ്‌വാലി ഒരു തമാശമാത്രമല്ലെന്ന് മനസ്സിലാക്കിയത്. ഗുരുതരമായ ഒരു കാര്യം ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ നാനാവശങ്ങൾ സൂക്ഷ്മമായി പഠിക്കുന്നത് ഒരു പത്രക്കാരനെന്നനിലയിൽ എന്റെ സ്വഭാവമായിരുന്നു. അങ്ങനെ ഞാൻ സൈലന്റ്‌വാലി പഠനത്തിൽ ആമഗ്നനായി. സർക്കാരിന്റെ അവകാശവാദങ്ങളെല്ലാം വെറും മിഥ്യകളാണെന്ന് മനസ്സിലാക്കാൻ അധികം ബുദ്ധിമുട്ടേണ്ടതായി വന്നില്ല. ഇലക്ട്രിസിറ്റി ബോർഡിനുവേണ്ടി രംഗത്തു വന്ന കപടശാസ്ത്രജ്ഞന്മാരായിരുന്നു വലിയ തലവേദന. പത്രാധിപരായ ബാലകൃഷ്ണനും അസോഷ്യേറ്റ് എഡിറ്ററായ കരുണാകരൻ നമ്പ്യാരും പൂർണ്ണ പിന്തുണ നൽകുകകൂടി ചെയ്തപ്പോൾ എന്റെ പഠനം ജറ്റ് സ്പീഡിലായിത്തീർന്നു.



**എക്സ്പ്രസ്സിന്റെയോ മറ്റാരുടെയെങ്കിലുമോ സമരം കൊണ്ടാണ് സൈലന്റ് വാലി രക്ഷപ്പെട്ടതെന്നു പറയുന്നത് ശുദ്ധ കാപട്യമായിരിക്കും. ഇന്ദിരാഗാന്ധിയുടെ പരിസ്ഥിതി സംരക്ഷണ വ്യഗ്രത ഒന്നുമാത്രമാണ് സൈലന്റ് വാലിയെ രക്ഷിച്ചത്. പക്ഷെ ഇന്ദിരാഗാന്ധിയുടെ ആ തീരുമാനം പുറത്തുവരുന്നതുവരെ സൈലന്റ് വാലിക്കുവേണ്ടി പോരാടൻ ചിലർ അത്യാവശ്യമായിരുന്നു. ഒട്ടേറെ സന്നദ്ധസംഘടനകൾ ഈ ലക്ഷ്യം മുൻനിർത്തി പ്രവർത്തിച്ചിട്ടുണ്ട്. അതിലൊന്നായിരുന്നു എക്സ്പ്രസ്സ്.**

എക്സ്പ്രസ്സിന്റെയോ മറ്റാരുടെയെങ്കിലുമോ സമരം കൊണ്ടാണ് സൈലന്റ് വാലി രക്ഷപ്പെട്ടതെന്നു പറയുന്നത് ശുദ്ധ കാപട്യമായിരിക്കും. ഇന്ദിരാഗാന്ധിയുടെ പരിസ്ഥിതി സംരക്ഷണ വ്യഗ്രത ഒന്നുമാത്രമാണ് സൈലന്റ്‌വാലിയെ രക്ഷിച്ചത്. പക്ഷെ ഇന്ദിരാഗാന്ധിയുടെ ആ തീരുമാനം പുറത്തുവരുന്നതുവരെ സൈലന്റ് വാലിക്കുവേണ്ടി പോരാടാൻ ചിലർ അത്യാവശ്യമായിരുന്നു. ഒട്ടേറെ സന്നദ്ധസംഘടനകൾ ഈ ലക്ഷ്യം മുൻനിർത്തി പ്രവർത്തിച്ചിട്ടുണ്ട്. അതിലൊന്നായിരുന്നു എക്സ്പ്രസ്സ്.

ജനകീയ സമരങ്ങൾ സംഘടിപ്പിക്കുന്നവർക്ക് ചാടിക്കടക്കേണ്ട ചതിക്കുഴികൾ അനേകമാണ്. കാലൊന്നു പതറിയാൽ, എല്ലാം തകരുമെന്നതാണ് ഏറ്റവും വലിയ അപകടം. സൈലന്റ്‌വാലി കാര്യത്തിൽ ഗവൺമേന്റി

# ടി.വി. അച്ചുതവാര്യർ

തൃശൂരിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന എക്സ്പ്രസ് ദിനപ്പത്രത്തിലാണ് അച്ചുതവാര്യർ പത്രപ്രവർത്തനം തുടങ്ങുന്നത്. അപാരമായ അവലോകന ശേഷിയുള്ള അദ്ദേഹം പല സാമൂഹിക വിഷയങ്ങളെക്കുറിച്ചും കാമ്പുള്ള എഡിറ്റോറിയലുകൾ എഴുതി എക്സ്പ്രസിനെ കേരളത്തിലെ മുൻനിര പത്രങ്ങളിലേക്ക് ഉയർത്തി. എക്പ്രസ് വിട്ടശേഷം കുറച്ചുനാൾ പുണ്യഭൂമി പത്രത്തിന്റെ എഡിറ്ററായി പ്രവർത്തിച്ചു. സജീവ പത്രപ്രവർത്തനത്തിൽ നിന്നും പിൻവാങ്ങിയ അദ്ദേഹം ഇപ്പോൾ തൃശൂരിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ജനനീതി മാസികയുടെ എഡിറ്ററാണ്. കേൾവിക്കുറവിനേയും വാർദ്ധക്യ സഹജമായ അസുഖങ്ങളേയും തോൽപ്പിച്ച് ജാഗ്രതയോടെയുള്ള പത്രവായന അച്ചുതവാര്യർ ഇപ്പോഴും മുടങ്ങാതെ തുടരുന്നു.

നും രാഷ്ട്രീയ കക്ഷികൾക്കും പത്രങ്ങൾക്കും പ്രത്യേകിച്ചൊന്നും ചെയ്യാനുണ്ടായിരുന്നില്ല. അവരുടെ പ്രചരണമാർഗ്ഗം അതിലളിതമായിരുന്നു. സൈലന്റ്‌വാലിയിൽനിന്ന് വൈദ്യുതി ലഭിച്ചാൽ പിന്നോക്കാവസ്ഥയിൽ കിടക്കുന്ന മലബാറിനെ സ്വർഗ്ഗസമാനമാക്കാം; സൈലന്റ്‌വാലിയിൽ നിന്നുള്ള വൈദ്യുതിയില്ലെങ്കിൽ, മലബാർ നശിച്ച് മരുഭൂമിയാകും. ഇത് വിശ്വസിക്കാത്ത മലബാറുകാർ അന്നു കുറവായിരുന്നു. പദ്ധതിയെ എതിർത്താൽ സർക്കുലേഷൻ തകരുമെന്ന് പത്രങ്ങൾ ഭയപ്പെട്ടു. തിരഞ്ഞെടുപ്പിൽ ഒരു സീറ്റുപോലും കിട്ടില്ലെന്ന് രാഷ്ട്രീയകക്ഷികൾ ഭയപ്പെട്ടു. തൊഴിലവസരം നഷ്ടപ്പെടുത്തുന്ന ഒന്നിനേയും ഒരു ട്രേഡ്യൂണിയനും എതിർക്കില്ലല്ലോ. അതുകൊണ്ട് സർക്കാരിന് ഈ ഇമ്പാച്ചിയെ തുറന്നുവിട്ട് കയ്യും കെട്ടിയിരുന്നാൽ മതിയായിരുന്നു. സർക്കാർ പറയുന്നതെല്ലാം കള്ളക്കഥകളാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുക എന്ന ദുഷ്ക്കരമായ ജോലിയാണ് അന്നു പൊതുപ്രവർത്തകർക്ക് ചെയ്യേണ്ടിയിരുന്നത്. ഇന്ദിരാഗാന്ധിയുടെ അവസാന താരുമാനമുണ്ടാകുന്നതുവരെ തീ കെടാതെ സൂക്ഷിക്കുക എന്നതായിരുന്നു അവരുടെ പ്രധാന ജോലി. അതവർ ഭംഗിയായിത്തന്നെ നിർവ്വഹിച്ചുവെന്ന് ഇന്ന് 25 കൊല്ലത്തിനു ശേഷം പിൻതിരിഞ്ഞു നോക്കുമ്പോൾ തോന്നുന്നു.

ജീവിതത്തിനും പ്രവർത്തനത്തിനും ആധാരമായി ചില തത്വങ്ങളെ അവലംബിക്കാത്ത ഒരാൾക്കും ഒരു സമൂഹത്തിനും, മേൽഗതിയുണ്ടാകില്ല. തൃശൂരിലെ പഴയ കെട്ടിടങ്ങൾ ഇടിഞ്ഞു പൊളിഞ്ഞു വീഴുന്നതുപോലെയാണ് ഇന്ത്യയിലെ ജനാധിപത്യം നമ്മുടെ കൺമുന്നിൽ തകർന്നു വീണുകൊണ്ടിരിക്കുന്നത്. ആരെങ്കിലും അത് കാണുന്നുണ്ടോ? ആരെങ്കിലും അതു ശ്രദ്ധിക്കുന്നുണ്ടോ? 1967ൽ ഇന്ദിരാഗാന്ധി 'ഞാനാണ് കോൺഗ്രസ്സ്' എന്നു പറഞ്ഞപ്പോൾ, അതു ശരിയല്ല എന്നു പറയാൻ ഒരു പിടി ആൾക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളു. പിന്നീട് നമ്മുടെ ജനാധിപത്യം മൂക്കുകുത്തി വീഴുകയായിരുന്നു. അതിന്നിടയിൽ പടുവൃദ്ധനും രോഗിയുമായ ജയപ്രകാശ് ഇടപെട്ട് ജനാധിപത്യത്തെ വീണ്ടെടുക്കാൻ ഒരു ശ്രമം നടത്തി. പക്ഷെ ഒന്നും ഫലിച്ചില്ല. അധികാരമോഹം തലക്കടിച്ച ചിലർ എല്ലാം തല്ലിത്തകർത്ത് കുളമാക്കി. ഇന്ന് ഒരു പാർട്ടിയിലും ജനാധിപത്യമില്ല; തിരഞ്ഞെടുപ്പില്ല. ജനാധിപത്യപരമായി പ്രവർത്തിക്കാത്തവർക്ക് ജനാധിപത്യത്തെ സംരക്ഷിക്കാനാവില്ലെന്നു പറയാൻ പാഴൂർ പടിപ്പുരവരെ പോകേണ്ട കാര്യമൊന്നുമില്ല.

ഇതിനെല്ലാമിടയിൽ പത്രങ്ങൾ എവിടെനിൽക്കുന്നു? തത്വനിഷ്ടയോടെ പ്രവർത്തിക്കുന്ന പത്രങ്ങൾ എത്രയുണ്ടാകും? തൃശൂരിൽ വിതരണം ചെയ്യുന്ന പത്രത്തിൽ കൊച്ചിയിലേയോ മലപ്പുറത്തേയോ വാർത്തകളൊന്നും തന്നെ ഉണ്ടാകില്ല. കേരളത്തിൽ എന്തു നടക്കുന്നു എന്നറിയണമെന്ന് നിങ്ങൾക്ക് താല്പര്യമുണ്ടെങ്കിൽ ഓരോ പത്രത്തിന്റെയും പതിനാലു ജില്ലാ എഡിഷനുകൾ നിങ്ങൾ വാങ്ങേണ്ടിവരും. അതിന്ന് കഴിവോ സൗകര്യമോ ഇല്ലെങ്കിൽ, പത്രാധിപർ വിളമ്പിത്തരുന്ന പ്രാദേശിക വാർത്തകൾ കൊണ്ട്, നിങ്ങൾ തൃപ്തിപ്പെടേണ്ടിവരും. സ്ഥിതിഗതികൾ വളരെ ദയനീയമാണ്. കൂപമണ്ഡൂകങ്ങൾ എന്നൊരു പ്രയോഗമുണ്ട്. കിണറ്റിലെ തവളയുടെ ലോകം, ആ കിണറിന്റെ വിസ്തീർണ്ണത്തോളം മാത്രമാണ്. അതിന്നപ്പുറം ഒരു ലോകമുള്ളതായി തവളക്കറിയില്ല. നമ്മുടെ പത്രങ്ങൾ വായിക്കുന്നവരും ഇന്ന് കൂപമണ്ഡൂകങ്ങളായി മാറിക്കൊണ്ടിരിക്കുന്നു.

പത്രപ്രവർത്തകർ വല്ലാത്തൊരു പ്രതിസന്ധിയെയാണ് ഇന്ന് അഭിമുഖീകരിക്കുന്നത്. വായനക്കാർക്ക് ഇഷ്ടപ്പെട്ടത് വിളമ്പി കൊടുക്കാൻ പത്രത്തെ ഉപയോഗിക്കണോ? അതോ, ജനങ്ങളെ ഉദ്ബുദ്ധരാക്കാൻ തുനിയണോ? ജനങ്ങൾ അവർക്കിഷ്ടപ്പെട്ടതിന്റെ പിന്നാലെ പോകുന്നതിനെ ആർക്കും തടയാനാവില്ല. അപ്പോൾ പത്രത്തിന്റെ പ്രചാരം കുറയും; പരസ്യം വകയിലുള്ള വരുമാനം കുറയും; പത്രത്തിന്റെ നിലനില്പ്പ് തന്നെ അപകടത്തിലാകും.

ഇവിടെയാണ് ആദർശനിഷ്ഠ പ്രസക്തമാകുന്നത്. ഓരോരോ പത്രത്തിനും അതിന്റേതായ ദൗത്യം ഉണ്ടായിരിക്കണം. ജനങ്ങളുടെ ഇഷ്ടമല്ല, നീതിക്കും ന്യായത്തിനും വേണ്ടിയുള്ള നിലനില്പ്പാണ് കാര്യമെന്നു വന്നാൽ പിന്നെ സന്ദേഹങ്ങൾക്കൊന്നും സ്ഥാനമില്ലാതാവും.

"വായനക്കാർ ബഹിഷ്ക്കരിക്കുകയാണെങ്കിൽ, അവരങ്ങട് ബഹിഷ്ക്കരിക്കട്ടെ" എന്നു പറഞ്ഞ പത്രാധിപരുടെ തത്വനിഷ്ഠ ഒരു പ്രചോദനമായിത്തീരുന്നത് ഇവിടെയാണ്.

*ഗംഗോത്രി, പി.ആർ. പടി, ഒല്ലൂർ, തൃശൂർ*